പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5382 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ഗാരേജുകളുടെ നവീകരണത്തിന് നടപടി

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി ഗാരേജുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നത്? | (എ) | കെ.എസ്.ആർ.ടി.സി.യിൽ വർക്ക്ഷോപ്പ് നവീകരണത്തിനും അടിസ്ഥാന വികസത്തിനുമായി 2016-17 വാർഷിക പദ്ധതിയിൽ 9 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വർക്ക്ഷോപ്പ്കൾക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വാഹനപരിപാലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആധുനികവത്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇക്കാര്യത്തിൽ ജീവനക്കാരുടെ കൂടി അഭിപ്രായം ആരായുന്നതിനായി മൂന്ന് മേഖലാതല മീറ്റിങ്ങുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഗാരേജുകളിലെ മാലിന്യ വസ്തുക്കൾ (ഗ്രീസ്, ഓയിൽ, മലിനജലം, പ്ലാസ്റ്റിക് സാമഗ്രികൾ) ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | പുതുതായി നിർമ്മിക്കുന്ന / നവീകരിക്കുന്ന ഗാരേജുകളിലെ മാലിന്യ വസ്തുക്കൾ മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൂടി നിർദ്ദേശ പ്രകാരം Sewage Treatment Plant-കൾ സ്ഥാപിച്ചു വരുന്നു.<br>കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ മലിനജലം സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ പുനലൂർ, തിരുവനന്തപുരം സെൻട്രൽ വർക്സ്, എടപ്പാൾ റീജിയണൽ |

| | | | |
|---|---|---|---|
| | | | വർക്ക്ഷോപ്പ്, കൊട്ടങ്ങല്ലൂർ, കാസർഗോഡ്, നെടുമങ്ങാട്, കോഴിക്കോട് / ആലുവ റീജിയണൽ വർക്ക്ഷോപ്പുകൾ തുടങ്ങി ചുരുക്കം ഡിപ്പോകളിൽ മാത്രമേ സ്ഥാപിതമായിട്ടുള്ളൂ.<br>എല്ലാ യൂണിറ്റുകളിൽ നിന്നും ഓയിൽ, ഗ്രീസ് എന്നിവ ശേഖരിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃത ഇ-ടെണ്ടറിലൂടെ ലേലം ചെയ്തു വിൽക്കുന്നുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ പ്രദേശികമായി ലേലം ചെയ്തു വിൽക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**